# Malayala Manorama

## 17 August 2018

## Kochi : Flood hit, more than 1 lakh people in camp



# ദുരിതാശ്വാസ ക്യാംപുകളിൽ ഒരു ലക്ഷത്തിലേറെ പേർ

■ പുതിയ ക്യാംപുകൾ ആവശ്യമായി വന്നാൽ ഉടൻ തുറക്കാൻ ഒട്ടേറെ കെട്ടിടങ്ങൾ സജ്ജം

കാക്കനാട് ● വെള്ളപ്പൊക്ക ദുരിതബാധിതരെ താമസിപ്പിക്കാൻ ജില്ലയിൽ തുറന്നത് 269 ക്യാംപുകൾ.വെള്ളം കയറുന്ന പ്രദേശങ്ങളുടെയും ദുരിതബാധിതരുടെയും എണ്ണം കൂടുന്നതനുസരിച്ചു ക്യാംപുകളുടെ എണ്ണവും കൂട്ടുന്നുണ്ട്. 14,881 കുടുംബങ്ങളിലെ 53,870 പേരാണ് ഇന്നലെ രാത്രി വരെ ക്യാംപുകളിലുള്ളത്. പുതിയ ക്യാംപുകൾ ആവശ്യമായി വന്നാൽ ഉടൻ തുറക്കാനാകും വിധം ഒട്ടേറെ കെട്ടിടങ്ങളാണ് റവന്യു ഉദ്യോഗസ്ഥർ സജ്ജമാക്കിയിട്ടുള്ളത്. പൊതു കെട്ടിടങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള ഹാളുകളും മറ്റും ഉദ്യോഗസ്ഥർക്കു വിട്ടുകൊടുത്തിട്ടുണ്ട്.

നിലവിൽ പറവൂരിലാണ് ഏറ്റവും കൂടുതൽ ദുരിതാശ്വാസ ക്യാംപുകളുള്ളത്. 102 ക്യാംപുകളിലായി 23,877 പേരാണ് ഇവിടെ കഴിയുന്നത്. ആലുവ മേഖലയിൽ 51 ക്യാംപുകളിലായി 3,849 പേർ കഴിയുന്നു. കുന്നത്തുനാട്ടിൽ 47 ക്യാംപുകളിലായി 15,434 പേരും മൂവാറ്റുപുഴയിലെ ക്യാംപുകളിൽ 1,269 പേരും കണയന്നൂരിലെ 38 ക്യാംപുകളിലായി 8,233 പേരും കോതമംഗലത്തെ 14 ക്യാംപുകളിലായി 1,208 പേരും കഴിയുന്നുണ്ട്.

## കൊച്ചി വിമാനത്താവളം 26 വരെ തുറക്കില്ല

കൊച്ചി ● രാജ്യാന്തര വിമാനത്താവളം 26 വരെ അടച്ചിടും. 19ന് തുറക്കാനായിരുന്നു നേരത്തേ തീരുമാനിച്ചിരുന്നതെങ്കിലും നെടുമ്പാശേരി, ആലുവ പരിസരമാകെ പ്രളയജലത്തിൽ മുങ്ങിയിരിക്കുന്നതിനാൽ 26ന് രണ്ടു മണി വരെ നീട്ടുകയായിരുന്നു.

വിദേശത്തും സ്വദേശത്തുമുള്ള ആളുകൾ യാത്ര ആസൂത്രണം ചെയ്തിട്ട് നിരാശപ്പെടേണ്ടെന്നു കരുതിയാണ് 26വരെ നീട്ടിയത്. എന്നാൽ വെള്ളം വേഗം വലിയുകയും വിമാനങ്ങൾ ഇറങ്ങാനും ടേക് ഓഫ് ചെയ്യാനുമുള്ള സാഹചര്യം ഒരുങ്ങുകയും ചെയ്താൽ 26നു മുൻപുതന്നെ വിമാനത്താവളം തുറന്നേക്കാമെന്നും സിയാൽ അധികൃതർ സൂചന നൽകി.റൺവേയിലും ടാക്സി വേയിലും ഏപ്രണിലുമെല്ലാം വെള്ളമാണ്.പ്രദേശമാകെ വെള്ളത്തിൽ മുങ്ങിയിരിക്കുന്നതിനാൽ വെള്ളം പമ്പ് ചെയ്തുകളയാനും കഴിയുന്നില്ല.

വിമാനത്താവളത്തിലെ സോളർ പ്ലാന്റുകളിൽ ഒരു ഭാഗവും വെള്ളത്തിലാണ്.

## ട്രെയിൻ ഗതാഗതം ഭാഗികം

**മനോരമ ലേഖകൻ**

കൊച്ചി ● മണ്ണിടിച്ചിലും പാലങ്ങൾക്കു താഴെ അപകടകരമായ തോതിൽ ജലനിരപ്പ് ഉയർന്നതും മൂലം സംസ്ഥാനത്തെ ട്രെയിൻ ഗതാഗതം താറുമാറായി. ആലപ്പുഴ വഴി തിരുവനന്തപുരത്തേക്കുള്ള സർവീസുകൾ മാത്രമാണു വലിയ തടസ്സങ്ങളില്ലാതെ നടക്കുന്നത്. കോട്ടയം വഴിയുള്ള ഗതാഗതം വൈകുന്നേരത്തോടെ തടസപ്പെട്ടു. ആലുവയിലെ വെള്ളപ്പൊക്കം മൂലം ഉച്ചയോടെ എറണാകുളം- തൃശൂർ സെക്‌ഷനിലെ ട്രെയിൻ ഗതാഗതം പൂർണമായും നിർത്തി. ഇന്നു വൈകിട്ട് നാലു വരെയാണു കോട്ടയം, ഷൊർണൂർ പാതകളിലെ ഗതാഗതം നിർത്തി വച്ചിരിക്കുന്നത്.

കൊല്ലം-ചെങ്കോട്ട, തിരുവനന്തപുരം നാഗർകോവിൽ സെക്‌ഷനുകളിൽ നാഗർകോവിൽ ഭാഗത്തേക്കുള്ള ഗതാഗതം, റെയിൽവേ ഇന്നലെ വൈകിട്ടോടെ ഭാഗികമായി പുനഃസ്ഥാപിച്ചു. ഇന്ന് ആലപ്പുഴ വഴി എറണാകുളം വരെ ട്രെയിനോടുമെങ്കിലും വേഗം കുറച്ചായിരിക്കും കടത്തിവിടുക.

പാസഞ്ചറുകൾ ഉൾപ്പെടെ 15 ട്രെയിനുകൾ ഇന്നലെ റദ്ദാക്കി. ജനശതാബ്ദി, വേണാട് എന്നിവ എറണാകുളം വരെ മാത്രമാണു സർവീസ് നടത്തിയത്. ന്യൂഡൽഹി തിരുവനന്തപുരം കേരള എക്സ്പ്രസ്, കന്യാകുമാരി മുംബൈ ജയന്തി തിരുവനന്തപുരം ഹൈദരാബാദ് ശബരി എക്സ്പ്രസ് എന്നിവ ഈറോഡ്, ഡിണ്ടിഗൽ, തിരുനെൽവേലി വഴി തിരിച്ചു വിട്ടു. രാജധാനി എക്സ്പ്രസ് തിരുനെൽവേലി വഴി ഈറോഡിലെത്തി കേരളയുടെ റൂട്ടിലാണു ഡൽഹിക്കു പോകുക. തിരുവനന്തപുരം- ചെന്നൈ സൂപ്പർഫാസ്റ്റ്, എറണാകുളം കാരയ്ക്കൽ എക്സ്പ്രസ് എന്നിവ പാലക്കാടും നിന്നും തിരുവനന്തപുരം-ചെന്നൈ മെയിൽ, കൊച്ചുവേളി-ഹുബ്ലി എക്സ്പ്രസ് തൃശൂരിലെത്തി മടങ്ങി. ഇന്നലെ പുറപ്പെട്ട മംഗളൂരു- തിരുവനന്തപുരം മലബാർ, മംഗളൂരു- തിരുവനന്തപുരം മാവേലി എന്നിവ ഷൊർണൂരിൽ യാത്ര അവസാനിപ്പിച്ചു.

എറണാകുളം ജംക്‌ഷനിൽ ട്രാക്കുകളിൽ വെള്ളം കയറിയെങ്കിലും ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടില്ല. ഉത്തരേന്ത്യൻ നഗരങ്ങളിലേക്കും ചെന്നൈ, ബെംഗളൂരു എന്നിവിടങ്ങളിലേക്കു പോകേണ്ടവരും തിരുവനന്തപുരത്തുനിന്നു തിരുനെൽവേലി വഴിയുള്ള ദീർഘദൂര സർവീസുകൾ ഉപയോഗിക്കണമെന്നു റെയിൽവേ അറിയിച്ചു. തിരുവനന്തപുരം ഡിവിഷനിൽ ട്രെയിനുകൾ ഇന്ന് തിരുവനന്തപുരം- എറണാകുളം റൂട്ടിൽ സർവീസ് നടത്തും. വേണാട്, ജനശതാബ്ദി എന്നിവ എറണാകുളം വരെയുണ്ടാകും.

പാലങ്ങളിലെ ജലനിരപ്പ് സൂക്ഷ്മമായി നിരീക്ഷിച്ചു വരികയാണെന്ന് അധികൃതർ അറിയിച്ചു. യാത്രക്കാരുടെ സുരക്ഷ കണക്കിലെടുത്തു കൊണ്ടുള്ള നടപടികളുമായി സഹകരിക്കണമെന്നും റെയിൽവേ അഭ്യർഥിച്ചു.

### ഹജ് ക്യാംപിലും വെള്ളം കയറി

കൊച്ചി ● അവസാന തീർഥാടകരും പുറപ്പെട്ടതിനു പിന്നാലെ വിമാനത്താവളത്തിലെ ഹജ് ക്യാംപിലും വെള്ളം കയറി. ഇന്നലെ പോകേണ്ടിയിരുന്ന അവസാനത്തെ രണ്ടു വിമാനങ്ങളിലെ യാത്രക്കാരെ പുലർച്ചെ ഇവിടെനിന്നു തിരുവനന്തപുരത്തെത്തിച്ചിരുന്നു. 810 തീർഥാടകരാണ് ഇന്നലെ തിരുവനന്തപുരത്തുനിന്നു പോയത്.